തൈക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ

114 (1583) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൈക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ നിർമ്മാണത്തിനു വേണ്ടി തിരുവനന്തപുരം കോർപ്പറേഷൻ നാളിതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിന് വേണ്ട അനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിട നിർമ്മാണ ജോലികൾ ഏതുവരെ ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; എന്തുതുക ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ അപകടകരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് കെട്ടിടം പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2,50,000 രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും, പുതിയ കെട്ടിട നിർമ്മാണത്തിന് ഈ സ്കൂളിന്റെ അദ്ധ്യാപക രക്ഷാകർതൃ സമിതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള കെട്ടിടം ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ കെട്ടിടം പൊളിച്ച് മാറ്റുമ്പോൾ 67,000 രൂപ ചെലവിൽ രണ്ട് താല്ക്കാലിക ഷെഡുകൾ കെട്ടി ക്ലാസ് നടത്തുന്നതിനും അദ്ധ്യാപക രക്ഷാകർതൃ സമിതിക്ക് അനുമതി നല്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരസഭ ഈ കെട്ടിട നിർമ്മാണത്തിന് വേണ്ട തുക അനുവദിച്ചിട്ടുണ്ട്.

അമ്യൂസ്മെന്റ് പാർക്കുകൾ

115 (1584) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നു ; അവ എവിടെയെല്ലാമാണ് ;

(ബി) അമ്യൂസ്മെന്റ് പാർക്കുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ ;

(സി) അമ്യൂസ്മെന്റ് പാർക്കുകൾ നിലവിലില്ലാത്ത ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ 5 അമ്യൂസ്മെന്റ് പാർക്കുകളാണ് പ്രവർത്തിക്കുന്നത്. പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ രണ്ടും, തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി, പരിയാരം ഗ്രാമപഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലും ഓരോന്നുവീതവും പ്രവർത്തിക്കുന്നു.

(ബി) ഇല്ല.

(സി) സർക്കാർ തലത്തിൽ ആരംഭിക്കാൻ ഉദ്ദേശമില്ല.

തട്ട് കടകൾക്ക് ലൈസൻസ് നൽകാൻ നടപടി

116 (1585) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുനിരത്തുകളുടെ വശങ്ങളിൽ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതിനായി തുറക്കുന്ന തട്ടുകടകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാപ്പകൽ പ്രവർത്തിക്കുന്ന ഇത്തരം തട്ടുകടകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരവും ശുചിത്വവും പരിശോധിക്കാൻ സംവിധാനമുണ്ടോ ; എങ്കിൽ പ്രസ്തുത സംവിധാനത്തെക്കുറിച്ച് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കച്ചവടക്കാർക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ലൈസൻസ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള ഹെൽത്ത് - ഫുഡ് ഇൻസ്പെക്ടർമാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും ഇത്തരം കടകളിലെ ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് അധികാരമുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാറുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly